# നിങ്ങളുടെ അവകാശ-ങ്ങളെക്കുറിച്ച് അറിയുക

## ഖത്തറിലെ വീട്ടുജോലിക്കാർക്കുള്ള ഒരു കൈപ്പുസ്തകം

ഖത്തർ ഗാർഹിക തൊഴിലാളി, ഇമിഗ്രേഷൻ നിയമങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന നിരവധി പ്രധാനപ്പെട്ട അവകാശങ്ങളെ ഈ രേഖ എടുത്തുകാണിക്കുന്നു.

**അധികമായുള്ള അവകാശങ്ങളുമുണ്ട്.** എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, തൊഴിലാളികൾ ഭരണ വികസന, തൊഴിൽ, സാമൂഹികകാര്യ മന്ത്രാലയത്തിന്റെ ലേബർ റിലേഷൻസ് വകുപ്പുമായി ബന്ധപ്പെടുക (എല്ലാ തൊഴിൽ രേഖകളും സഹിതം).

# പ്രശ്നങ്ങൾ



നിങ്ങളുടെ
അവകാശങ്ങളെക്കുറിച്ച്
അറിയുക

# നിങ്ങളുടെ ജീവിത സൗകര്യങ്ങൾ

# നിങ്ങളുടെ താമസം



**നിയമം**

**2017 ലെ നിയമം നം.15 ലെ വിഭാഗം 7**

തൊഴിൽദാതാവിന് താഴെപ്പറയുന്നതിന് ഉത്തരവാദിത്വം ഉണ്ടായിരിക്കും:

+ വീട്ടുജോലിക്കാരന് അനുയോജ്യമായ താമസസൗകര്യം ലഭ്യമാക്കുക.

**നിങ്ങളുടെ അവകാശങ്ങൾ**

+ അനുയോജ്യമായ താമസസൗകര്യം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. അതായത്, ഒരു കിടക്കയും അലമാരയും സൗകര്യപ്രദമായി ഉൾക്കൊള്ളാൻ കഴിയുന്നത്ര വിശാലമായ സ്ഥലം. നിങ്ങളുടെ താമസസ്ഥലം സുരക്ഷിതവും ശുചിത്വമുള്ളതാണെന്നും ഇതിനർത്ഥമുണ്ട്.
+ നിങ്ങൾ മറ്റൊരാളുമായി ഒരു മുറി പങ്കിടുകയാണെങ്കിൽ, നിങ്ങളുടെ സ്വന്തം കിടക്കയും, സ്വത്തിനും വസ്തുവകകൾക്കും വേണ്ടത്ര സ്വകാര്യതയും സുരക്ഷയും ഉണ്ടായിരിക്കണം.

# നിങ്ങളുടെ ആരോഗ്യം



**നിയമം**

**2017 ലെ നിയമം നം.15 ലെ വിഭാഗം 7**

തൊഴിൽദാതാവിന് താഴെപ്പറയുന്നവയ്ക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കും:

+ തൊഴിലാളി തന്റെ ജോലികൾ നിർവഹിക്കുന്ന സമയത്ത്, അല്ലെങ്കിൽ അതിന്റെ ഫലമായി അസുഖമോ പരിക്കോ ഉണ്ടായാൽ ജോലിക്കാരന് സാമ്പത്തിക ബാധ്യത വരുത്താതെ ഉചിതമായ വൈദ്യ പരിചരണം, മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

**നിങ്ങളുടെ അവകാശങ്ങൾ**

+ നിങ്ങൾക്ക് അസുഖം അനുഭവപ്പെടുകയോ അല്ലെങ്കിൽ സ്ഥിരമായി വൈദ്യസഹായം ആവശ്യമുള്ള ആരോഗ്യസ്ഥിതി

ഉണ്ടെങ്കിലോ, നിങ്ങൾ നിങ്ങളുടെ തൊഴിലുടമയെ അക്കാര്യം അറിയിക്കുകയും ഉടൻ ഒരു ചികിത്സാ കേന്ദ്രം സന്ദർശിക്കുകയും വേണം.

+ ഖത്തറിൽ, അടിയന്തിര സാഹചര്യങ്ങളിൽ നിങ്ങൾക്ക് 999 ഡയൽ ചെയ്യാം.

+ തൊഴിലുടമ പണമടയ്ക്കുന്ന ഒരു ഹെൽത്ത് കാർഡ് ലഭിക്കാനും കൈവശം വെയ്ക്കാനുമുള്ള അവകാശം നിങ്ങൾക്കുണ്ട്.

+ നിങ്ങൾക്ക് മരുന്ന് ലഭിക്കാനും ഒരു ഡോക്ടറെ സന്ദർശിക്കാനുമുള്ള അവകാശമുണ്ട്.



# നിങ്ങളുടെ ഭക്ഷണം

### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 7**

തൊഴിലുടമയ്ക്ക് ഇനിപ്പറയുന്നവയ്ക്ക് ഉത്തരവാദിത്തമുണ്ട്:

+ വീട്ടുജോലിക്കാരന് അനുയോജ്യമായ ഭക്ഷണം നൽകുക.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങളുടെ ആരോഗ്യം പരിപോഷിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ ഭക്ഷണം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

+ പണം നൽകാതെ ഒരു ദിവസം മൂന്ന് തവണ ഭക്ഷണം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയുക

# സ്ഥലവും നിങ്ങളുടെ ജോലിയുടെ സ്വഭാവവും

# നിങ്ങളുടെ ജോലിസ്ഥലം



### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 9**

+ ഒരു ഗാർഹിക തൊഴിലാളിയെ ഖത്തറിന് പുറത്ത്, ജോലിക്കാരന്റെ അനുമതിയില്ലാതെ ജോലി ചെയ്യിക്കുന്നത് നിരോധിച്ചിരിക്കുന്നു.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങളുടെ തൊഴിലുടമ നിങ്ങളോട് ഖത്തറിന് പുറത്ത് ജോലി ചെയ്യാൻ ആവശ്യപ്പെടുകയാണെങ്കിൽ, അത് നിരസിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.
+ ഖത്തറിന് പുറത്ത് ജോലി ചെയ്യാൻ നിങ്ങളെ നിർബന്ധിക്കാൻ തൊഴിലുടമയ്ക്ക് അവകാശമില്ല.

# നിങ്ങളുടെ ജോലി സമയം



### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 12**

തൊഴിലുടമയ്ക്ക് ഇനിപ്പറയുന്നവയ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും:

+ പ്രാർത്ഥന, വിശ്രമം, ഭക്ഷണം എന്നിവയ്ക്കുള്ള ഇടവേളകൾ സഹിതം പരമാവധി ജോലി സമയം ഒരു ദിവസം പത്ത് മണിക്കൂറിൽ കൂടരുത്. അത്തരം ഇടവേളകൾ ജോലി സമയം കണക്കുകൂട്ടുന്നതിൽ ഉൾപ്പെടുത്തില്ല.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങളുടെ ജോലി സമയം ഒരു ദിവസം 10 മണിക്കൂറിൽ കൂടരുത്.
+ ഒരു ദിവസം 10 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൻ നിങ്ങളോട് ആവശ്യപ്പെടാൻ തൊഴിലുടമയ്ക്ക് അവകാശമില്ല. വീട്ടുജോലിക്കാർക്കായുള്ള സാധാരണ കരാറിൽ പ്രവൃത്തി ദിവസം 8 മണിക്കൂറാണെന്നും, ഓവർടൈം 2 അധിക മണിക്കൂർ ആകാമെന്നും പരാമർശിക്കുന്നു. ഓവർടൈം ജോലി ചെയ്യാൻ നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ, പ്രതിദിനം ജോലി ചെയ്യുന്ന ആകെ സമയം 10 മണിക്കൂറിൽ കവിയരുതെന്ന് നിർദ്ദേശിക്കുന്നു. ഇതിന് തൊഴിലുടമ നിങ്ങൾക്ക് അധികം പണം നൽകണം. ഇത് സാധാരണ പ്രവൃത്തി സമയത്തിനുള്ള അടിസ്ഥാന വേതനവും അടിസ്ഥാന വേതനത്തിന്റെ 25% ൽ കുറയാത്ത അധിക വേതനവും തമ്മിൽ കൂട്ടിയതിന് തുല്യമായിരിക്കണം [ഉദാ. QAR 10 മണിക്കൂർ അടിസ്ഥാന വേതനം + QAR 2.5 = പ്രവൃത്തി ദിവസത്തിൽ 1 മണിക്കൂർ ഓവർടൈമിനായി നൽകേണ്ട ആകെ തുക QAR 12.5 ആയിരിക്കും].

# നിങ്ങളുടെ വാർഷിക അവധി



## നിയമം

### 2017 ലെ നിയമം നം.15 ലെ വിഭാഗം 14

+ ഒരു വീട്ടുജോലിക്കാരന് സേവനം ചെയ്യുന്ന ഓരോ വർഷത്തിനും മൂന്നാഴ്ചത്തെ ശമ്പളത്തോടുകൂടിയ വാർഷിക അവധി ലഭിക്കും. എതിരായി ഒരു കരാറില്ലെങ്കിൽ ഒരു തൊഴിലാളിക്ക് അത്തരം അവധി ദിനങ്ങൾ വിഭജിക്കാനും അതിന്റെ സമയക്രമവും എടുക്കേണ്ട സമയവും തിരഞ്ഞെടുക്കാൻ കഴിയും.

## നിങ്ങളുടെ അവകാശങ്ങൾ

+ ഓരോ വർഷത്തെയും സേവനത്തിന്റെ അവസാനത്തിൽ നിങ്ങൾക്ക് മൂന്ന് ആഴ്ചത്തെ വാർഷിക അവധി ലഭിക്കാൻ അവകാശമുണ്ട്.
+ നിങ്ങൾ എടുക്കാത്ത വാർഷിക അവധിയുടെ അവശേഷിക്കുന്ന ദിവസങ്ങൾ അടുത്ത വർഷത്തേക്ക് കൊണ്ടുപോകാൻ നിങ്ങൾക്ക് അവകാശമുണ്ട്




# നിങ്ങളുടെ സുരക്ഷിതത്വം

## നിയമം

### 2017 ലെ നിയമം നം.15 ലെ വിഭാഗം 7

+ ഒരു വീട്ടുജോലിക്കാരൻ തന്റെ രോഗാവധിയിൽ ജോലി ചെയ്യരുത്

## നിങ്ങളുടെ അവകാശങ്ങൾ

+ അസുഖമുള്ള സമയത്ത് നിങ്ങൾക്ക് വിശ്രമിക്കാനും ജോലി ചെയ്യരാതിരിക്കാനുമുള്ള അവകാശമുണ്ട്. നിങ്ങൾക്ക് അസുഖമുള്ള സമയത്ത് തൊഴിലുടമയ്ക്ക് നിങ്ങളോട് ജോലി ചെയ്യാൻ ആവശ്യപ്പെടാൻ കഴിയില്ല.
+ വീട്ടുജോലിക്കാർക്കുള്ള സാധാരണ കരാർ പ്രകാരം ആദ്യത്തെ മൂന്ന് മാസത്തെ ജോലി പൂർത്തിയാക്കിയ ശേഷം ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ, ജോലി ചെയ്യുന്ന എല്ലാ വർഷവും രണ്ടാഴ്ചത്തെ ശമ്പളമുള്ള അസുഖ അവധി നിങ്ങൾക്ക് ലഭിക്കും.

# നിങ്ങളുടെ വിശ്രമവും ഇടവേളകളും



### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 7**

+ ഒരു വീട്ടുജോലിക്കാരൻ തന്റെ വിശ്രമ സമയത്ത് ജോലി ചെയ്യേണ്ടതില്ല.

### നിങ്ങളുടെ അവകാശങ്ങൾ (നിങ്ങളുടെ വിശ്രമവും ഇടവേളകളും)

+ നിങ്ങൾക്ക് പ്രവൃത്തി ദിവസത്തിൽ വിശ്രമം/ഇടവേള എടുക്കാനുള്ള അവകാശമുണ്ട്. ഭക്ഷണം, ആരാധന, വിശ്രമം എന്നിവയ്ക്ക് വേണ്ടിയുള്ളതാണ് ഈ ഇടവേളകൾ.

# നിങ്ങൾക്ക് ജോലിയില്ലാത്ത ദിവസം




### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 13**

+ ഒരു വീട്ടുജോലിക്കാരന് തുടർച്ചയായി ഇരുപത്തിനാല് മണിക്കൂറിൽ കുറയാത്ത, ശമ്പളത്തോടെയുള്ള പ്രതിവാര വിശ്രമ അവധി ദിനം ലഭിക്കും.

+ തൊഴിൽ കരാറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഇരു കക്ഷികളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രതിവാര വിശ്രമത്തിന്റെ സമയം നിശ്ചയിക്കപ്പെടും.

**2017 ലെ നിയമം നം.15 ലെ വിഭാഗം 7**

+ ഇരു കക്ഷികളും തമ്മിൽ മുൻകൂട്ടി കരാറില്ലാത്ത പക്ഷം ഒരു വീട്ടുജോലിക്കാരൻ അവന്റെ/അവളുടെ പ്രതിവാര വിശ്രമ സമയത്ത് ജോലി ചെയ്യില്ല.

### നിങ്ങളുടെ അവകാശങ്ങൾ

+ ഒരാഴ്ചയിൽ ഒരു മുഴുവൻ ദിവസത്തെ അവധിക്ക് നിങ്ങൾക്ക് അവകാശമുണ്ട്.

+ കരാർ ഒപ്പിടുന്നതിന് മുമ്പായി നിങ്ങളുടെ ഒഴിവ് ദിവസം അംഗീകരിക്കുകയും കരാറിൽ ഉൾപ്പെടുത്തുകയും വേണം.

+ ഒരു 'പൂർണ്ണ ദിവസം' എന്നത് 24 മണിക്കൂറിൽ കുറയാത്തതാണ് - വിശ്രമത്തിനുള്ള ദിവസം മൊത്തത്തിൽ എടുക്കുന്നു, ഭാഗികമായല്ല.

+ ഓവർടൈം പേയ്മെന്റോടെ ആ ദിവസം ജോലിചെയ്യാൻ നിങ്ങൾ സമ്മതിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ ഒഴിവ് ദിവസങ്ങളിൽ ജോലി/ചുമതലകളിൽ നിന്ന് പൂർണ്ണ വിശ്രമം നേടാൻ നിങ്ങൾക്ക് അവകാശമുണ്ട്. ഇടയ്ക്കിടെയും തൊഴിലുടമയുടെ അഭ്യർഥനയെ മാനിച്ചും, നിങ്ങളുടെ വിശ്രമ ദിവസത്തിൽ ജോലി ചെയ്യാൻ നിങ്ങൾ സമ്മതിക്കുന്നുവെങ്കിൽ, മറ്റൊരു ദിവസം 24 മണിക്കൂർ വിശ്രമം എടുക്കാൻ നിങ്ങൾക്ക് അർഹതയുണ്ട്. ഇതു കൂടാതെ, സാധാരണ പ്രവൃത്തി സമയത്തിനുള്ള അടിസ്ഥാന വേതനത്തിന് തുല്യമായ തുകയും അടിസ്ഥാന വേതനത്തിന്റെ 150% ൽ കുറയാത്ത അധിക വേതനവും ലഭിക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട് [ഉദാ. QAR 10 ഒരു മണിക്കൂറിലെ അടിസ്ഥാന വേതനം + QAR 15 = ഒരു വിശ്രമ ദിവസത്തിൽ 1 മണിക്കൂർ ഓവർടൈമിനായി നൽകേണ്ട ആകെ തുക QAR 25 ആയിരിക്കും].

*നിങ്ങളുടെ ഒഴിവുദിവസങ്ങളിൽ നിങ്ങൾ വീട് വിട്ടുപോകുമ്പോൾ തൊഴിലുടമയെ അറിയിക്കേണ്ടത് പ്രധാനമാണ്.*

നിങ്ങളുടെ അവകാശങ്ങൾ അറിയുക

# നിങ്ങളുടെ സാമ്പത്തിക അവകാശങ്ങൾ

# നിങ്ങളുടെ വേതനം




## നിയമം

### 2017 ലെ നിയമം നം.15 ലെ വിഭാഗം 8

+ വീട്ടുജോലിക്കാരന് മാസത്തിന്റെ അവസാനത്തിൽ അല്ലെങ്കിൽ തുടർന്നു വരുന്ന മാസത്തിലെ മൂന്നാം ദിവസമെങ്കിലും ഖത്തരി റിയാലിലുള്ള പ്രതിമാസ വേതനം നൽകുന്നതിന് ഒരു തൊഴിലുടമയ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും.

## നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങളുടെ കരാറിൽ വാഗ്ദാനം ചെയ്ത വേതനം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. ഖത്തറിലെ പ്രതിമാസമുള്ള കുറഞ്ഞ അടിസ്ഥാന വേതനം QAR 1,000 ആണ്. നിങ്ങൾക്ക് ലഭിക്കുന്ന തുക ഒരിക്കലും ഈ തുകയേക്കാൾ കുറവായിരിക്കരുത്. നിങ്ങളുടെ രാജ്യവും ഖത്തറും തമ്മിൽ അംഗീകരിച്ച ഒരു മിനിമം വേതനവുമാകാം. ഇത് നിങ്ങളുടെ കരാറിൽ രേഖപ്പെടുത്തിയിരിക്കണം.
+ നിങ്ങളുടെ ശമ്പളം മാസാവസാനം അല്ലെങ്കിൽ എല്ലാ മാസവും സമ്മതിച്ച തീയതിയിൽ ലഭിക്കാൻ നിങ്ങൾക്ക് അർഹതയുണ്ട്.
+ നിങ്ങളുടെ വേതനം നിങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയോ അല്ലെങ്കിൽ പണമായി നൽകുകയോ ചെയ്യണം. നിങ്ങളുടെ വേതനം പണമായി ലഭിക്കുകയാണെങ്കിൽ, നിങ്ങൾക്ക് ലഭിച്ച വേതനം സ്ഥിരീകരിക്കുന്നതിന് ഒപ്പിടാൻ ഒരു രസീത് ലഭ്യമാക്കണം.

# റിക്രൂട്ട്മെന്റ് ഫീസും അനുബന്ധ ചിലവുകളും



### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 8**

+ വിദേശത്ത് നിന്ന് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ ചിലവ് തിരിച്ചുപിടിക്കുന്നതായി ഒരു തൊഴിലാളിയുടെ വേതനത്തിൽ നിന്ന് ഏതെങ്കിലും ഫീസ്, ചെലവുകൾ അല്ലെങ്കിൽ കമ്മീഷനുകൾ കിഴിവ് ചെയ്യുന്നതിൽ നിന്ന് ഒരു തൊഴിലുടമയെ വിലക്കുന്നു.

### നിങ്ങളുടെ അവകാശങ്ങൾ (റിക്രൂട്ട്മെന്റ് ഫീസ്)

+ റിക്രൂട്ട്മെന്റ് ഫീസ്, വിമാന നിരക്ക്, മെഡിക്കൽ ടെസ്റ്റുകൾ, വിസ ഫീസ് എന്നിവയുൾപ്പെടെയുള്ള നിങ്ങളുടെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ഏതെങ്കിലും ചെലവിന് തൊഴിലുടമയ്ക്കോ റിക്രൂട്ട്മെന്റ് ഏജന്റിനോ നിങ്ങളുടെ പ്രതിമാസ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്യാനോ അത് നിങ്ങളിൽ നിന്ന് ആവശ്യപ്പെടാനോ കഴിയില്ല.

# നിങ്ങളുടെ വിമാനയാത്രാ ചെലവ്



### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 14**

+ ഒരു വീട്ടുജോലിക്കാരന് സേവന കാലയളവിന്റെ രണ്ട് വർഷത്തിലൊരിക്കൽ അവധിക്കാലത്ത് അവന്റെ/അവളുടെ സ്വന്തം രാജ്യത്തിലേക്കോ താമസ സ്ഥലത്തേക്കോ മടങ്ങാനുള്ള വിമാന ടിക്കറ്റിന് അർഹതയുണ്ട്.
+ ഒരു വീട്ടുജോലിക്കാരൻ തൊഴിൽ കരാർ പൂർത്തിയാക്കിയ ശേഷം ഖത്തർ വിടുകയോ, അല്ലെങ്കിൽ തൊഴിൽ ദാതാവ് നിയമം  അല്ലെങ്കിൽ തൊഴിൽ കരാർ ലംഘിച്ചത് കാരണം തൊഴിൽ കരാർ പൂർത്തിയാകുന്നതിന് മുമ്പായി മടങ്ങി പോകുകയോ ചെയ്യുമ്പോൾ, തൊഴിലാളിക്ക് അവന്റെ/അവളുടെ സ്വന്തം രാജ്യത്തേക്ക് അല്ലെങ്കിൽ താമസസ്ഥലത്തേക്കുള്ള മടക്ക യാത്രാ ടിക്കറ്റിന് അർഹതയുണ്ട്.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങൾ രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കുമ്പോൾ തൊഴിലുടമയിൽ നിന്ന് മടക്ക യാത്രക്കുള്ള വിമാന ടിക്കറ്റ് ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. നിങ്ങളുടെ ടിക്കറ്റ് വിമാന ടിക്കറ്റിന്റെ മൊത്തം ചെലവ് നിങ്ങളുടെ തൊഴിലുടമ നൽകണം, മാത്രമല്ല ഇതിന്റെ ഒരു ഭാഗവും നിങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നുമില്ല.

+ വീട്ടുജോലിക്കാർക്കായുള്ള സാധാരണ കരാർ അനുസരിച്ച്, കരാർ പൂർത്തോയാകുന്നതിന് മുമ്പ് അത് അവസാനിപ്പിക്കാൻ നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, അറിയിപ്പ് കാലയളവ് പ്രകാരം (നിയമലംഘനമോ തൊഴിലുടമയുടെ തൊഴിൽ കരാറോ ലംഘിക്കാതെ)  തൊഴിലുടമ നിങ്ങളുടെ മടക്ക യാത്രാ വിമാന ടിക്കറ്റിന്റെ ഒരു കുറഞ്ഞ ഭാഗമെങ്കിലും വഹിക്കണം. നിങ്ങളുടെ കരാർ കാലയളവിൽ നിങ്ങൾ ജോലി ചെയ്ത യഥാർത്ഥ സമയത്തിന് ആനുപാതികമായി നിങ്ങളുടെ തൊഴിലുടമ ടിക്കറ്റിന്റെ ഒരു ഭാഗം നൽകും.

  **ഉദാഹരണം:** നിങ്ങളുടെ കരാർ 2 വർഷത്തേക്ക് (അല്ലെങ്കിൽ 24 മാസം) സാധുവായിരുന്നു. 18 മാസത്തിനുശേഷം ഇത് അവസാനിപ്പിച്ച് നിങ്ങളുടെ രാജ്യത്തേക്ക് മടങ്ങിപ്പോകാൻ നിങ്ങൾ തീരുമാനിച്ചു. നിങ്ങളുടെ ടിക്കറ്റിന്റെ വില 1,500 QAR ആണെന്ന് സങ്കൽപ്പിക്കുക. നിങ്ങളുടെ തൊഴിലുടമ കുറഞ്ഞത് എത്ര തുക നൽകുമെന്ന് കണക്കാക്കാൻ,

  - ആദ്യം 1,500 നെ 24 കൊണ്ട് ഹരിക്കാം (നിങ്ങളുടെ കരാറിന്റെ മൊത്തം ദൈർഘ്യം): 1,500/24 = 62.5
  - നിങ്ങൾ 18 മാസം ജോലി ചെയ്തതിനാൽ, നിങ്ങളുടെ തൊഴിലുടമ കുറഞ്ഞത് 62.5x18 = QAR 1,125 നൽകും.

## നിങ്ങൾ സേവനം അവസാനിപ്പിക്കുമ്പോഴുള്ള ആനുകൂല്യങ്ങൾ




### നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 15**

+ വീട്ടുജോലിക്കാരെ സംബന്ധിച്ച നിയമത്തിന്റെ

പ്രാബല്യത്തിലുള്ള തീയതി അനുസരിച്ച്, മറ്റേതെങ്കിലും അവകാശങ്ങൾക്ക് പുറമേ 2017 സെപ്റ്റംബർ 12ന്, കുറഞ്ഞത് ഒരു വർഷമെങ്കിലും സേവനം ചെയ്ത ഒരു വീട്ടുജോലിക്കാരന് സേവനം അവസാനിപ്പിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഒരു തൊഴിലുടമയ്ക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും.

+ സേവനം അവസാനിപ്പിക്കുമ്പോഴുള്ള ആനുകൂല്യം ഇരു കക്ഷികളും തമ്മിലുള്ള കരാറിൽ നിർണ്ണയിക്കപ്പെടും, അത് സേവനത്തിൽ ചെലവഴിക്കുന്ന ഓരോ വർഷവും കുറഞ്ഞത് മൂന്ന് ആഴ്ചത്തെ വേതനമായിരിക്കും. ഒരു വീട്ടുജോലിക്കാരന് സേവനത്തിൽ ചിലവഴിച്ച കാലയളവിനെ വർഷം കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന സംഖ്യ ലഭിക്കുന്നതിന് വീട്ടുജോലിക്കാരന് അർഹതയുണ്ട്.

### നിങ്ങളുടെ അവകാശങ്ങൾ (നിങ്ങളുടെ സേവനം അവസാനിപ്പിക്കൽ ആനുകൂല്യങ്ങൾ)

+ നിങ്ങൾ ഒരു വർഷത്തിലേറെ ഒരേ തൊഴിലുടമയ്ക്ക് വേണ്ടി ജോലി ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങളുടെ തൊഴിലുടമയിൽ നിന്ന് സേവനം അവസാനിപ്പിക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

+ ഈ സേവനം അവസാനിപ്പിക്കുന്നതിനുള്ള ആനുകൂല്യം നിങ്ങൾ മൂന്നാഴ്ചത്തേക്ക് നൽകേണ്ട വേതനത്തേക്കാൾ കുറവല്ല, കൂടാതെ നിങ്ങൾ ജോലി ചെയ്ത ഓരോ വർഷത്തേക്കും കണക്കാക്കും.

## നിങ്ങളുടെ പരിക്ക്/ പരിക്കുകൾക്കുള്ള നഷ്ടപരിഹാരം



### നിയമം

**2017 ലെ നിയമം നം.21ലെ വിഭാഗം 19**

+ മുകളിൽ പറഞ്ഞ തൊഴിൽ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു ജോലിക്കാരന് ജോലിക്കിടയിലുണ്ടാകുന്ന ഏത് അപകടത്തിനും നഷ്ടപരിഹാരം നൽകും.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങൾക്ക് ജോലിക്കിടയിൽ മുറിവേറ്റാൽ പരിക്കിനുള്ള നഷ്ടപരിഹാരം ലഭിക്കാൻ നിങ്ങൾക്ക് അർഹതയുണ്ട്.

നിങ്ങളുടെ അവകാശങ്ങൾ അറിയുക

# ഗാർഹിക തൊഴിലാളി നിയമത്തിന് കീഴിൽ നിങ്ങൾക്കുള്ള പൊതുവായ അവകാശങ്ങൾ

# തൊഴിൽ കരാർ



## നിയമം

**2017 ലെ നിയമം നം.15 ലെ വിഭാഗം 3**

+ ഒരു തൊഴിൽ കരാറിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു വീട്ടുജോലിക്കാരനെ ജോലിക്കെടുക്കാൻ പാടില്ല, അത് ഡിപ്പാർട്ട്മെന്റ് എഴുതിയതും സാക്ഷ്യപ്പെടുത്തിയതുമായ മൂന്ന് കോപ്പികളാണ്.

ഓരോ കക്ഷിക്കും ഒരു കോപ്പി കൈമാറും, മൂന്നാമത്തെ കോപ്പി ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിക്കും. തൊഴിൽ കരാർ അറബിയിൽ എഴുതിയിരിക്കും. മറ്റൊരു ഭാഷയിലെ വിവർത്തനം അതിനോട് കൂട്ടിച്ചേർത്തേക്കാം.

തൊഴിൽ കരാറിൽ രണ്ട് കക്ഷികളും തമ്മിലുള്ള തൊഴിൽ ബന്ധവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടും. അതിൽ ഇനിപ്പറയുന്ന ഡാറ്റ പ്രത്യേകിച്ചും ഉൾപ്പെടും:

1. തൊഴിലുടമയുടെ പേര്, രാജ്യം, താമസിക്കുന്ന സ്ഥലം.
2. വീട്ടുജോലിക്കാരന്റെ പേര്, രാജ്യം, താമസിക്കുന്ന സ്ഥലം.
3. കരാർ അവസാനിക്കുന്ന തീയതി.
4. ഒരു വീട്ടുജോലിക്കാരനെ ഏൽപ്പിച്ച ജോലിയുടെ തരവും സ്വഭാവവും.
5. ജോലി ആരംഭിച്ച തീയതി, പ്രൊബേഷണറി കാലയളവ്.
6. കരാറിന്റെ കാലാവധി, പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ, അവസാനം.
7. അംഗീകരിച്ച വേതനം, അത് നൽകിയ രീതിയും തീയതിയും.
8. ഈ നിയമത്തിൽ വ്യക്തമാക്കിയ ഏതെങ്കിലും വ്യവസ്ഥകൾ അല്ലെങ്കിൽ ഡാറ്റ.

## നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങളുമായി ഒരു തൊഴിൽ കരാർ ഒപ്പിട്ടതിന് ശേഷമല്ലാതെ ഒരു തൊഴിലുടമയ്ക്ക് നിങ്ങളെ ജോലി ചെയ്യിക്കാൻ അവകാശമില്ല. ഈ തൊഴിൽ കരാറിൽ നിയമപ്രകാരം ആവശ്യമായിരിക്കുന്ന എല്ലാ വിശദാംശങ്ങളും അടങ്ങിയിരിക്കണം.

+ ഒപ്പിട്ട തൊഴിൽ കരാറിന്റെ ഒരു പകർപ്പ് സ്വീകരിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. കരാർ അറബിയിലും ഇംഗ്ലീഷിലും ആയിരിക്കും.

# നിങ്ങളുടെ കരാർ അവസാനിപ്പിക്കൽ



## നിയമം

### പ്രൊബേഷൻ കാലയളവ് അവസാനിക്കുന്നതിന് മുമ്പ്

**2020ലെ നിയമം നം.18 ലെ ആർട്ടിക്കിൾ 1**

+ ഒരു തൊഴിലാളി അവന്റെ/അവളുടെ പ്രൊബേഷൻ കാലയളവിൽ ജോലി മാറാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾ /അവൾ തന്റെ നിലവിലുള്ള തൊഴിലുടമയ്ക്ക് മിനിസ്ട്രി ഓഫ് അഡ്മിനിസ്ട്രേറ്റീവ് ഡവലപ്മെന്റ്, ലേബർ ആൻഡ് സോഷ്യൽ അഫയേഴ്സിന് (ADLSA) ഇലക്ട്രോണിക് സിസ്റ്റം വഴി ഒരു മാസത്തെ നോട്ടീസ് നൽകണം. അറിയിപ്പ് കാലയളവിൽ അവൻ/അവൾ ജോലി ചെയ്യുന്നത് തുടരണം. പുതിയ തൊഴിലുടമ നിലവിലുള്ള തൊഴിലുടമയ്ക്ക് റിക്രൂട്ട്മെന്റ് ഫീസും വിമാന ടിക്കറ്റും എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ ഒരു ഭാഗം നൽകണം. നൽകേണ്ട തുക തൊഴിലാളികളുടെ അടിസ്ഥാന വേതനത്തിന്റെ രണ്ട് മാസത്തിന് തുല്യമായതിൽ കവിയരുത്.
+ ഒരു തൊഴിലാളി തൊഴിൽ കരാർ അവസാനിപ്പിച്ച് ഖത്തർ വിട്ടുപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ/അവൾ തന്റെ നിലവിലുള്ള തൊഴിലുടമയ്ക്ക് ADLSA വഴി ഒരു നോട്ടീസ് നൽകണം. നോട്ടീസ് കാലയളവിൽ അവൻ/അവൾ തൊഴിലുടമയുമായി അംഗീകരിച്ചത് പോലെ ജോലി തുടരണം. എന്നിരുന്നാലും, നോട്ടീസ് കാലയളവ് 2 മാസത്തിൽ കൂടരുത്.

### പ്രൊബേഷൻ കാലയളവ് അവസാനിച്ചതിന് ശേഷം

**2020 ലെ നിയമം.18 ലെ ആർട്ടിക്കിൾ 1**

+ ഒരു ജോലിക്കാരൻ അവന്റെ/അവളുടെ പ്രൊബേഷൻ കാലയളവിനുശേഷം ജോലി മാറാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ/അവൾ തന്റെ നിലവിലുള്ള തൊഴിലുടമയ്ക്ക് താഴെ പറഞ്ഞിരിക്കുന്ന പ്രകാരം നോട്ടീസ് നൽകണം:
  - ജോലിയുടെ ആദ്യത്തെ രണ്ട് വർഷങ്ങളിൽ, നോട്ടീസ് കാലയളവ് ഒരു മാസമായിരിക്കും.
  - ആദ്യ രണ്ട് വർഷങ്ങളിലെ തൊഴിലിന് ശേഷം, നോട്ടീസ് കാലയളവ് രണ്ട് മാസമായിരിക്കും.
+ ADLSA യുടെ ഇലക്ട്രോണിക് സിസ്റ്റം വഴിയാണ് അറിയിപ്പ് നൽകേണ്ടത്.

+ രണ്ട് കക്ഷികളും സമ്മതിച്ചിട്ടില്ലാത്ത പക്ഷം, നോട്ടീസ് കാലയളവിൽ തൊഴിലാളി തൊഴിലുടമയ്ക്കൊപ്പം ജോലി ചെയ്യുന്നത് തുടരണം.
+ ഖത്തർ വിട്ടുപോകുന്നതിന് തൊഴിൽ കരാർ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു തൊഴിലാളിക്കും ഇതേ നിയമങ്ങൾ ബാധകമാണ്.

## കരാർ കാലയളവിൽ ഏത് സമയത്തും
## 2017 ലെ നിയമം.15 ലെ വിഭാഗം 17

ഇനിപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ ഒരു ജോലിക്കാരന് സേവനം അവസാനിപ്പിക്കുന്നതിനുള്ള ആനുകൂല്യത്തിനുള്ള പൂർണ്ണമായ അവകാശം നിലനിർത്തിക്കൊണ്ട് തൊഴിൽ കരാർ അതിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി അവസാനിപ്പിക്കാം:

1. ഈ നിയമത്തിലെ വ്യവസ്ഥകളിലോ തൊഴിൽ കരാറിലോ വ്യക്തമാക്കിയ ബാധ്യതകൾ ഒരു തൊഴിലുടമ പാലിച്ചിട്ടില്ലെങ്കിൽ.
2. ഒരു തൊഴിലുടമയോ അല്ലെങ്കിൽ അയാൾ നിയോഗിച്ച ഒരു വ്യക്തിയോ, തൊഴിൽ നിബന്ധനകളനുസരിച്ച് ഒരു തൊഴിലാളിയുമായുള്ള കരാർ അവസാനിപ്പിക്കുന്ന സമയത്ത് തൊഴിൽ നിബന്ധനകളുടെ കാര്യത്തിൽ വഞ്ചിച്ചിട്ടുണ്ടെങ്കിൽ.
3. ഒരു തൊഴിലുടമയോ അവന്റെ/അവളുടെ കുടുംബത്തിലെ ഒരു അംഗമോ ഒരു തൊഴിലാളിയെ ആക്രമിക്കുകയും, അത് തൊഴിലാളിയെ ശാരീരികമായി അല്ലെങ്കിൽ അവന്റെ/ അവളുടെ ജീവന് ഹാനി വരുത്തുന്നുവെങ്കിൽ.
4. ഒരു തൊഴിലാളിയുടെ സുരക്ഷയെയോ ആരോഗ്യത്തെയോ ഭീഷണിയിലാക്കുന്ന ഒരു ഗുരുതരമായ അപകടമുണ്ടാവുകയും, ഒരു തൊഴിലുടമയ്ക്ക് അപകടത്തെക്കുറിച്ച് അറിവുണ്ടായിരിക്കുകയും, അത് നീക്കംചെയ്യാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ.

### നിങ്ങളുടെ അവകാശങ്ങൾ

+ നിങ്ങൾക്ക് ജോലി മാറാൻ താൽപര്യമുണ്ടെങ്കിലോ അല്ലെങ്കിൽ രാജ്യം വിട്ടുപോകാൻ താൽപര്യമുണ്ടെങ്കിലോ, കാലാവധി അവസാനിക്കുന്നതിന് മുമ്പായി നിങ്ങളുടെ കരാർ അവസാനിപ്പിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

+ ഖത്തറിലെ ജോലി മാറുന്നതിന് തൊഴിലാളികൾക്ക് ഇനിമുതൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജോലി മാറുന്നതിനുള്ള പ്രക്രിയയെക്കുറിച്ച് കൂടുതലറിയാൻ ഭരണ വികസന, തൊഴിൽ സാമൂഹ്യകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലേക്ക് പോകുക.
+ ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ, ഏതെങ്കിലും നോട്ടീസ് ഇല്ലാതെ, കരാർ കാലയളവിൽ ഏത് സമയത്തും നിങ്ങളുടെ കരാർ അവസാനിപ്പിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്:
    - കരാറിന് കീഴിൽ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ബാധ്യതകളും നിങ്ങളുടെ തൊഴിലുടമ നിറവേറ്റുന്നില്ലെങ്കിൽ.
    - കരാറിന്റെ നിബന്ധനകളുമായി ബന്ധപ്പെട്ട് നിങ്ങളുടെ തൊഴിലുടമയോ ഒരു റിക്രൂട്ട്മെന്റ് ഏജന്റോ നിങ്ങളെ വഞ്ചിക്കുകയാണെങ്കിൽ.
    - നിങ്ങളുടെ തൊഴിലുടമയോ അവന്റെ/അവളുടെ കുടുംബാംഗങ്ങളോ നിങ്ങളെ ശാരീരികമായി ഉപദ്രവിക്കുകയാണെങ്കിൽ.
    - നിങ്ങളുടെ ജോലിസ്ഥലത്ത് നിങ്ങളുടെ ജീവനോ ആരോഗ്യത്തിനോ ഭീഷണിയായ ഗുരുതരമായ അപകടമുണ്ടെങ്കിൽ.
+ ഈ സാഹചര്യങ്ങളിൽ, സേവന ആനുകൂല്യങ്ങൾ അവസാനിപ്പിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.
+ എഡിഎൽഎസ്എയുടെ (ADLSA) ഇലക്ട്രോണിക് അറിയിപ്പ് സംവിധാനം വഴി കരാർ അവസാനിപ്പിക്കാൻ നിങ്ങൾ പ്രോസസ്സ് ചെയ്യണം. ഈ പ്രക്രിയയെക്കുറിച്ച് കൂടുതലറിയാൻ ഭരണ വികസന, തൊഴിൽ, സാമൂഹ്യകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലേക്ക് പോകുക.
+ ക്യൂഐഡി (QID) കാലഹരണപ്പെട്ടതിന് ശേഷം 90 ദിവസത്തിനുള്ളിൽ തൊഴിലാളികൾക്ക് ജോലി മാറാൻ കഴിയും (തൊഴിലാളിയുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ക്യൂഐഡി (QID) കാലഹരണപ്പെട്ടില്ലെങ്കിൽ).
+ നിങ്ങളുടെ തൊഴിലുടമയ്ക്ക് നിങ്ങളുമായുള്ള തൊഴിൽ കരാർ അവസാനിപ്പിക്കാനും കഴിയുമെന്ന് ഓർമ്മിക്കുക.

# നിങ്ങളുടെ തിരിച്ചറിയൽ രേഖകൾ



## നിയമം

### 2015 ലെ നിയമം.21 ലെ ആർട്ടിക്കിൾ 8

+ പെർമിറ്റ് നടപടിക്രമമോ അതിന്റെ പുതുക്കലോ അന്തിമമാക്കിയതിന് ശേഷം, തൊഴിലുടമയ്ക്ക് കൈവശം വെയ്ക്കാം എന്ന് പ്രവാസി തൊഴിലാളി രേഖാമൂലം അഭ്യർത്ഥിക്കാത്ത പക്ഷം, തൊഴിലുടമ പാസ്പോർട്ടോ യാത്രാ രേഖയോ പ്രവാസി തൊഴിലാളിക്ക് തിരികെ നൽകും.

## നിങ്ങളുടെ അവകാശങ്ങൾ

+ റെസിഡന്റ് പെർമിറ്റിനായി ഫയൽ ചെയ്യൽ അല്ലെങ്കിൽ പാസ്പോർട്ട് പുതുക്കൽ പോലുള്ള ആവശ്യങ്ങൾക്കായി നിങ്ങളുടെ തൊഴിലുടമയ്ക്ക് ആവശ്യമുള്ളപ്പോൾ ഒഴികെ നിങ്ങളുടെ പാസ്പോർട്ടും മറ്റേതെങ്കിലും യാത്രാ രേഖയും നിങ്ങളുടെ കൈവശം സൂക്ഷിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

** ഒരു തൊഴിലുടമയുടെ യാത്രാ രേഖകൾ ബലമായി തടഞ്ഞുവയ്ക്കുന്ന ഒരു തൊഴിലുടമ നിയമം ലംഘിക്കുന്നു, ഇതിന് പരമാവധി 25,000 ഖത്തർ റിയാൽ വരെ പിഴയായി ഈടാക്കാവുന്നതാണ്.*

# ഖത്തർ രാജ്യം വിട്ടുപോകൽ



## നിയമം

### 2019 ലെ മിനിസ്ട്രി ഓഫ് ഇന്റീരിയർ തീരുമാനം നം.95 ലെ ആർട്ടിക്കിൾ 2

+ വീട്ടുജോലിക്കാർക്ക് താൽക്കാലികമായി രാജ്യം വിട്ടുപോകാനോ അല്ലെങ്കിൽ അവരുടെ തൊഴിൽ കരാറിന്റെ സാധുതയുള്ള സമയത്ത് രാജ്യത്ത് നിന്ന് പോകാനോ ഉള്ള അവകാശമുണ്ട്. തൊഴിലാളി തന്റെ ആഗ്രഹം കുറഞ്ഞത് 72 മണിക്കൂർ മുമ്പെങ്കിലും തൊഴിലുടമയെ അറിയിക്കണം.

## നിങ്ങളുടെ അവകാശങ്ങൾ

+ ഖത്തർ വിട്ടുപോകാൻ നിങ്ങൾക്ക് ഇനി മുതൽ എക്സിറ്റ് പെർമിറ്റ് ആവശ്യമില്ല. എന്നിരുന്നാലും, കുറഞ്ഞത് 72 മണിക്കൂർ മുമ്പെങ്കിലും രാജ്യം വിടാനുള്ള നിങ്ങളുടെ പദ്ധതിയെക്കുറിച്ച് തൊഴിലുടമയെ അറിയിക്കണം. നിങ്ങൾക്ക് ഇത് വാക്കാലോ രേഖാമൂലമോ ചെയ്യാം.

നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയുക

# ശാരീരികവും മാനസികവുമായ ഉപദ്രവങ്ങളിൽ നിന്ന് മുക്തമായിരിക്കാനുള്ള നിങ്ങളുടെ അവകാശം

# ശാരീരികവും മാനസികവുമായ ഉപദ്രവങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം



**നിയമം**

**2015 ലെ നിയമം.15 ലെ വിഭാഗം 7**

ജോലിക്കാരന് ഇനിപ്പറയുന്നവയ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും:

+ വീട്ടുജോലിക്കാരോട് അവരുടെ അന്തസ്സും ക്ഷേമവും സംരക്ഷിക്കുന്ന രീതിയിൽ നന്നായി പെരുമാറുക.
+ ഒരു വീട്ടുജോലിക്കാരന്റെ ആരോഗ്യത്തെയോ ജീവിതത്തെയോ അപകടത്തിലാക്കുന്നത്, അല്ലെങ്കിൽ അവനെ/അവളെ ശാരീരികമോ ധാർമ്മികമോ ആയ ഏതെങ്കിലും വിധത്തിൽ ദ്രോഹിക്കുന്നത് ഒഴിവാക്കുക.

**നിങ്ങളുടെ അവകാശങ്ങൾ**

+ തൊഴിലുടമയുടെയും തൊഴിലുടമയുടെ കുടുംബാംഗങ്ങളുടെയും മാന്യവും ബഹുമാനത്തോടെയുമുള്ള പെരുമാറ്റത്തിന് നിങ്ങൾക്ക് അർഹതയുണ്ട്.

# തടവിൽ വെയ്ക്കുന്നതിൽ നിന്നും പീഡനത്തിൽ നിന്ന് മുക്തമായിരിക്കാനുമുള്ള നിങ്ങളുടെ അവകാശം



**നിയമം**

**ഖത്തർ ഭരണഘടന, ആർട്ടിക്കിൾ 36**

+ വ്യക്തിസ്വാതന്ത്ര്യം ഉറപ്പ് നൽകുകയും ഒരു വ്യക്തിയെയും അറസ്റ്റ് ചെയ്യുകയോ തടങ്കലിൽ വയ്ക്കുകയോ തിരയുകയോ ചെയ്യുകയും ചെയ്യരുത്, കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അയാളുടെ താമസ സ്വാതന്ത്ര്യവും സഞ്ചാര സ്വാതന്ത്ര്യവും നിയന്ത്രിക്കരുത്; കൂടാതെ ഒരു വ്യക്തിയെയും പീഡനത്തിനോ അപമാനകരമായ പെരുമാറ്റത്തിനോ വിധേയമാക്കരുത്; പീഡനം നിയമപ്രകാരം ശിക്ഷാർഹമായ കുറ്റമായി കണക്കാക്കും.

**നിങ്ങളുടെ അവകാശങ്ങൾ (തടവിൽ വെയ്ക്കുന്നതിൽ നിന്നും പീഡനത്തിൽ നിന്നും മുക്തമായിരിക്കാനുമുള്ള നിങ്ങളുടെ അവകാശം)**

---

+ നിങ്ങളെ ബലംപ്രയോഗിച്ച് അവന്റെ/അവളുടെ വീട്ടിൽ തടവിൽ വെയ്ക്കാൻ തൊഴിലുടമയ്ക്ക് അവകാശമില്ല.
+ നിങ്ങൾക്ക് ഭക്ഷണം നിരസിക്കുക, നിങ്ങളെ നിർബന്ധിതമായി ഒരു സ്ഥലത്ത് തടഞ്ഞുവെയ്ക്കുക, ശാരീരികമോ ലൈംഗികമോ ആയ ഉപദ്രവങ്ങൾ എന്നിവ പോലുള്ള മനുഷ്യത്വരഹിതമായ പെരുമാറ്റത്തിന് നിങ്ങളെ വിധേയമാക്കാൻ തൊഴിലുടമയ്ക്ക് അവകാശമില്ല.

നിങ്ങളുടെ അവകാശങ്ങൾ അറിയുക

# ഗാർഹിക തൊഴിലാളി നിയമത്തിന് കീഴിലുള്ള നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ

# ഉത്തരവാദിത്തങ്ങൾ



**നിയമം**

**2017 ലെ നിയമം നം.15, വിഭാഗം 11**

ഒരു വീട്ടുജോലിക്കാരൻ ഇനിപ്പറയുന്നവയ്ക്ക് ബാധ്യതയുള്ള ആളാണ്:

+ ഖത്തർ രാജ്യത്തിന്റെ നിയമങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ, മതപരവും ധാർമ്മികവുമായ മൂല്യങ്ങൾ എന്നിവ മാനിക്കുക.
+ അംഗീകരിച്ച ജോലിയും മറ്റേത് ജോലിയും കൃത്യമായും സത്യസന്ധമായും ചെയ്യുക.
+ തൊഴിലുടമയുടെയും തൊഴിലുടമയുടെയും കുടുംബാംഗങ്ങളുടെയും സന്ദർശകരുടെയും രഹസ്യങ്ങളും പണവും സ്വത്തും സംരക്ഷിക്കുക, അവരുടെ താൽപ്പര്യങ്ങൾക്ക് ഭംഗം വരുത്താതിരിക്കുക.
+ നിയമമോ നിങ്ങളുടെ തൊഴിൽ കരാറോ ലംഘിക്കുകയോ, നിങ്ങളുടെ ജീവനോ പണത്തിനോ മറ്റുള്ളവരുടെ ജീവനോ പണത്തിനോ അപകടമുണ്ടാക്കുകയോ ചെയ്യുന്നില്ലെങ്കിൽ തൊഴിലുടമയുടെയും തൊഴിലുടമയുടെ കുടുംബാംഗങ്ങളുടെയും നിർദ്ദേശങ്ങൾ മികച്ച രീതിയിൽ പാലിക്കുക.
+ നിങ്ങൾക്ക് ജോലി ചെയ്യാൻ ലഭിച്ച കാര്യങ്ങൾ പരിപാലിക്കുക, ഉപയോഗത്തിന്റെ സ്വഭാവമനുസരിച്ച് അവയുടെ ഉദ്ദേശ്യത്തിനായി ഉപയോഗിക്കുക, നിങ്ങളുടെ സേവനം അവസാനിക്കുമ്പോൾ തൊഴിലുടമയ്ക്ക് തിരികെ നൽകുക.
+ ഖത്തർ രാജ്യത്ത് ബാധകമായ നിയമമോ ചട്ടങ്ങളോ ലംഘിച്ച് മറ്റുള്ളവരിൽ നിന്ന് പണം ലഭിക്കുന്നതോ ലഭിക്കാത്തതോ ആയ ജോലി ഏറ്റെടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക.
+ തൊഴിലുടമയോടും തൊഴിലുടമയുടെ കുടുംബത്തോടും ജീവനക്കാരോടും നന്നായി പെരുമാറുക, അവരെ, പ്രത്യേകിച്ച് കുട്ടികളെയും പ്രായമായവരെയും ഉപദ്രവിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക.

തൊഴിലുടമ നിങ്ങളുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അവകാശങ്ങളും നിറവേറ്റുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഭരണ വികസന, തൊഴിൽ സാമൂഹ്യകാര്യ മന്ത്രാലയത്തിന്റെ ലേബർ റിലേഷൻസ് വകുപ്പിന് പരാതി നൽകാം.

ഒരു പരാതി നൽകുന്നതിന്, **40280661, 16008** എന്നീ നമ്പറുകളിൽ തൊഴിലാളികളിൽ നിന്ന് പരാതികളും അഭിപ്രായങ്ങളും സ്വീകരിക്കാൻ മന്ത്രാലയത്തിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹോട്ട്ലൈൻ സേവനമുണ്ട്. 5 എന്നും തുടർന്ന് ക്യുഐഡി (QID) നമ്പർ അല്ലെങ്കിൽ വിസ നമ്പർ എന്നിവ നൽകി **92727** എന്ന നമ്പറിലേക്ക് പരാതികൾ എസ്എംഎസ് വഴി അയയ്ക്കാം. പരാതികൾ മന്ത്രാലയത്തിന്റെ ഇമെയിലിലേക്കും അയക്കാം: **info@adlsa.gov.qa**

പരാതി നൽകാനും വിസിൽബ്ലോവർമാരെ ബന്ധപ്പെടാനും ജോലിക്കാർക്ക് മന്ത്രാലയത്തിന്റെ ഇലക്ട്രോണിക് യൂണിഫൈഡ് പ്ലാറ്റ്ഫോം ഉപയോഗിക്കാം.

അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ പിന്തുണയോടെ Migrants-Rights.org-മായി സഹകരിച്ചാണ് ഈ ബുക്ക്‌ലെറ്റ് വികസിപ്പിച്ചത്.

കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ